**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഹർത്താലിൽ പങ്കെടുക്കാത്തവരുടെ സ്വത്ത് കണ്ടുകെട്ടുന്നതായ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . പി . ഉബൈദുള്ള** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പോപ്പുലർ ഫ്രണ്ട് നടത്തിയ ഹർത്താലിൽ ഉണ്ടായ നാശനഷ്ടങ്ങൾ ഈടാക്കുന്നതിന്റെ ഭാഗമായി നടത്തുന്ന ജപ്തി നടപടികളിൽ ഹർത്താലിൽ പങ്കെടുക്കാത്തവരുടെ സ്വത്ത് കണ്ട് കെട്ടുന്നതായ പരാതി ഉണ്ടായിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പരാതികൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (ബി) | ബഹു. കേരള ഹൈ കോടതി വിധിയുടെ അടിസ്ഥാനത്തിൽ പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട വ്യക്തികളുടെ സ്വത്ത് ജപ്തി ചെയ്ത കേസുകളിൽ ലഭിച്ച പരാതികൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി അർത്ഥനാധികാരികളായ അതത് ജില്ലാ പോലീസ് മേധാവിയ്ക്ക് ജില്ലാ കളക്ടർമാർ അയച്ചു കൊടുത്തിട്ടുള്ളതും പ്രസ്തുത വിവരം ആഭ്യന്തര വകുപ്പിനെ അറിയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ